പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1662 — 18.06.2012-ൽ മറുപടിക്ക്

# ചേർത്തലയിൽ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | **ശ്രീ. പി. തിലോത്തമൻ** | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചേർത്തലയിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചെയ്ത പ്രവൃത്തികളുടെ വിശദവിവരം നൽകുമോ; | (എ) | ചേർത്തല നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി **59,37,750** രൂപ വിതരണം ചെയ്തു. ഫിഷറീസ് വകുപ്പിന് കീഴിൽ തീരദേശ മേഖലയിൽ ശുദ്ധ ജല വിതരണത്തിനായി **27.15** ലക്ഷം രൂപയുടെ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്നു. സാഫ് മുഖേന **9,69,460** രൂപ മത്സ്യത്തൊഴിലാളി വനിതകൾക്ക് വിവിധ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്ന തിനായി ചെലവഴിച്ചു.<br>ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി വഴി **14,63,600** രൂപ മത്സ്യ കേരളം പദ്ധതി നടത്തിപ്പിനായി ചേർത്തല നിയോജക മണ്ഡലത്തിനു നൽകി.<br>അഡാക്ക് എറണാകുളം റീജിയണൽ ഓഫീസ് വഴി പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി **2011-12** പ്രകാരം ചേർത്തല നിയോജക മണ്ഡലത്തിലെ പട്ടണക്കാട് പഞ്ചായത്തിൽ **3** കർഷകർക്കും വയലാർ പഞ്ചായത്തിലെ **2** കർഷകർക്കും **17.5** ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി ചെയ്യുന്നതിനായി **5,25,000** എണ്ണം കാരചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഫിഷറീസ് വകുപ്പ് ചേർത്തലയിൽ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളിൽ ഏതിനെങ്കിലും ഭരണാനുമതി ലഭിക്കാത്തതായിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ചേർത്തല മണ്ഡലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ മുൻഗണനാ ക്രമം അനുസരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; ചേർത്തല നിയമസഭാംഗം നിർദ്ദേശിച്ച എത്ര ജോലികൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ? | | 1) മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ തുക വിതരണം.<br>2) മത്സ്യ സമൃദ്ധി പദ്ധതിയുടെ നിർവഹണം.<br>3) ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി.<br>4) മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.<br>5) അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.<br>6) മത്സ്യ ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ.<br>ചേർത്തല നിയമസഭാംഗം നിർദ്ദേശിച്ച, മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണ പദ്ധതി ഫിഷറീസ് വകുപ്പ് തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ